നമ്പർ: 30/2020

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ആറുദിവസംകൊണ്ട് പ്രപഞ്ച സൃഷ്ടി പൂർത്തിയാക്കിയ ദൈവം അത് "നല്ലതെന്ന് കണ്ടു" എന്ന് വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. എന്നാൽ സൃഷ്ടിയുടെ മകുടമായ മനുഷ്യന്റെ വിവേകശൂന്യവും സ്വാർത്ഥപരവുമായ ഇടപെടൽ മൂലം പ്രകൃതിയുടെ സ്വാഭാവിക താളം തെറ്റിക്കൊണ്ടിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം മുതലായവ മൂലം അനേകർ ദുരിതമനുഭവിക്കുന്നു. അപ്രതീക്ഷിതമായ പ്രകൃതി ദുരന്തങ്ങൾ, ജീവജാലങ്ങളുടെ വംശനാശം തുടങ്ങിയവയുടെ വ്യാപ്തി നമ്മെ ഭീതിപ്പെടുത്തുന്നു. രാജ്യങ്ങൾ കടുത്ത സാമ്പത്തിക മാന്ദ്യത്തിൽ കഴിയുന്നു. അനിയന്ത്രിതമായ പ്രകൃതിചൂഷണവും ആഘോഷങ്ങളും ആർഭാടഭ്രമവും ഭൂമിയെ ഒരു വലിയ വിപത്തിന്റെ വക്കിൽ എത്തിച്ചിരിക്കുകയാണ്. ഉപഭോഗസംസ്ക്കാരത്തിന് മാറ്റം വന്നെങ്കിൽ മാത്രമേ ആരോഗ്യമുള്ള പ്രകൃതിയെ വരും തലമുറകൾക്ക് കൈമാറാൻ സാധിക്കുകയുള്ളൂ.

പ്രകൃതിസംരക്ഷണം, കർശനമായ സാമ്പത്തിക അച്ചടക്കം, ലാളിത്യത്തിലേക്കുള്ള തിരിച്ചുപോക്ക് എന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തി ഇക്കൊല്ലം നമ്മുടെ സഭാ മാനവശാക്തീകരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ സഭ ഒരു മിതത്വ സംസ്കാരത്തിന് **(Minimalism)** പ്രോത്സാഹനം നൽകുകയാണ്. **'ലളിതം സുന്ദരം'** എന്ന പേരിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ മാർഗ്ഗരേഖ വിഭാവന ചെയ്യുന്ന കാര്യങ്ങൾ ഓരോ ഇടവകയിലും നടപ്പിലാക്കണം. പെരുനാൾ ആഘോഷങ്ങൾ, നിർമ്മിതികളിലെ ആർഭാടങ്ങൾ എന്നിവ ഇടവകതലത്തിൽ കർശനമായും നിയന്ത്രിക്കണം. പ്ലാസ്റ്റിക്കിന്റെയും ഫ്ളക്സിന്റേയും ഉപയോഗം അങ്ങേയറ്റം കുറയ്ക്കണം; കഴിവുള്ളപക്ഷം പൂർണ്ണമായും ഉപേക്ഷിക്കണം. 'വലിച്ചെറിയൽ' സംസ്കാരത്തിൽ നിന്ന് ഒരു മടങ്ങിപ്പോക്ക് ആവശ്യമാണെന്ന് സമൂഹം മുഴുവനും തിരിച്ചറിയുന്ന കാലമാണിത്. വിവാഹാഘോഷങ്ങൾ, മാമോദീസാ, വിവാഹനിശ്ചയം, ശവസംസ്ക്കാരം ഇവയോടനുബന്ധിച്ചുള്ള ചടങ്ങുകൾ പരമാവധി ലളിതമായും അനാർഭാടമായും പ്രകൃതിസംരക്ഷണത്തിന് ഊന്നൽ നൽകിയും നടത്തുവാൻ എല്ലാ കുടുംബങ്ങളും ശ്രദ്ധിക്കണം. മിതത്വം, ലാളിത്യം എന്നീ നന്മകൾ ക്രിസ്തീയതയുടേയും പ്രത്യേകിച്ച് ഓർത്തഡോക്സിയുടേയും അടിസ്ഥാന മൂല്യങ്ങൾ ആണെന്നുള്ളതും നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

കേന്ദ്ര ഓഫീസിൽ നിന്ന് നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ഇടവക/ഭദ്രാസനതലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കണം. നമ്മുടെ ഭക്തസംഘടനകൾ ഈ പദ്ധതി കർമ്മപഥത്തിൽ എത്തിയ്ക്കുവാൻ നേതൃത്വം നൽകണം. സംതൃപ്തിയുടേയും സമാധാനത്തിന്റേയും ശാന്തതയുടെയും അന്തരീക്ഷം പരിപാലിക്കുവാൻ പ്രകൃതിക്ക് ഇണങ്ങുന്ന ലളിതവും ശാന്തവുമായ ജീവിതക്രമത്തിലൂടെ നമുക്ക് ശ്രമിക്കാം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 ഫെബ്രുവരി മാസം 10 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.